# എം. ഡി. എൽ. പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

സ്കൂൾ കോഡ് - 36339
ബി. ആർ. സി - ചെങ്ങന്നൂർ
സബ് ജില്ല - ചെങ്ങന്നൂർ
പഞ്ചായത്ത് - മാന്നാർ

M.D.L.P. SCHOOL, PAVUKKARA

STD I to IV

# അനുഭവം

ഒന്നാം ക്ലാസ്സിൽ നിന്ന് ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കുന്നു ഒരു വ്യക്തിയുടെ ജീവിതത്തിൽ കഴിച്ചുകൂട്ടാൻ പറ്റാത്ത ഒന്നാണ് ഗണിതപ്രവർത്തനം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്.

പലതരത്തിൽ ഗണിതശേഷികൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമികമാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

5 വരെയുള്ള എണ്ണത്തെ പങ്കിട്ട്, മൂല്യം, കൂട്ടൽ, കുറവ് എന്നിവയെ വിശദീകരിക്കുന്നു.

Five frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.

പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി പറയുന്നു. (2/4, 3/5)

ഗണിത പഠനത്തിന് സഹായകമായ [illegible] വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോടൊപ്പം എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

ഒറ്റസംഖ്യകൾ എണ്ണിച്ചൊല്ലാനും എഴുതാനും വായിക്കാനും കഴിയുന്നു.

ജൂൺ

ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.

ജൂലൈ

ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

വീട്ടുവായന

രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (പുനർവായന) കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു

ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു

ചിത്രകാർഡുകൾ, വായനകാർഡുകൾ, നിർമാണശില്പശാല, ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുള്ള സാധ്യതകൾ

ആഗസ്റ്റ്

തിയേറ്റർ സാധ്യതകൾ, വായനക്കുറി
കൾ എന്നിവയുപയോഗിച്ച് വായനയി
ലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ
കഥയുടെ പുനരാവതരണം. വ്യത്യസ്ത
വ്യവഹാരരൂപങ്ങളിലൂടെയും പ്രോ
ജക്റ്റുകളുടെ സഹായത്തോടെയും അവ
തരിപ്പിക്കാൻ അവസരം.

സെപ്റ്റംബർ

ചിത്രവായന നടത്തി പ്രസക്തമായ
കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
(കുട്ടിയുടെ വാചിക പ്രകടനങ്ങൾ)
ചിത്രങ്ങൾക്ക് സഹായത്തോടെ.
ലളിതമായ അടിക്കുറിപ്പുകൾ
ചിത്രവായനക്കാർഡുകൾ തയ്യാറാക്കൽ

ഒക്ടോബർ

കൂട്ടവായന കുട്ടികളുടെ പങ്ക
നം സഹായിച്ച് ചിത്രകഥാവായന നട
ത്തുന്നു.
ലളിതമായ വായനക്കാർഡുകൾ സഹാ
യത്തോടെ വായിക്കുന്നു.
ലേബലുകളിൽ സ്വതന്ത്രമായി കഥ
പറയൽ

നവംബർ

ചിത്രങ്ങൾ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു

കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം.

നാട്ടുവായന

കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

ജനുവരി

ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.

വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

ഫെബ്രുവരി

ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു. സചിത്രപുസ്തകങ്ങൾ വായിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു.

Academic Master Plan Std: II

## Maths

ഇഷ്ടത്തോടെ സമീപിച്ചാൽ ഏറെ ആസ്വാദനത്തോടെ പഠിക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. ഒരക്കം മുതൽ രണ്ടക്കം വരെയുള്ള സംഖ്യകളും കുട്ടികൾക്ക് മനസിലാക്കിയിട്ടുണ്ട്. നിത്യ ജീവിതവുമായി ബന്ധപ്പെട്ട ലളിതമായ പ്രായോഗിക പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും ഗണിത പഠന ലക്ഷ്യം വെക്കുന്നു.

June - July

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുക. ക്ലാസിൽ ലഭ്യമായതും ചുറ്റുപാടുമുള്ള വിവിധ വസ്തുക്കൾ കാണിക്കുകയും അവയുടെ രൂപങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. ദ്വിമാന, ത്രിമാന രൂപങ്ങൾ ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു.

=> 50-ൽ കൂടുതൽ സംഖ്യകൾ എണ്ണാനും വായിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു. സംഖ്യാശ്രേണികൾ പൂർത്തിയാക്കാനും കൂട്ടിച്ചേർക്കാനും കുറയ്ക്കാനും പരിശീലനം നൽകുന്നു.

August

=> ലളിതമായ വാചക ഗണിത പ്രശ്നങ്ങൾ നൽകി പരിഹരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

⇒ഭിന്നക സംഖ്യകളുടെ സങ്കലനം വ്യവകലനമായി ചെയ്യാൻ പരിശീലിപ്പിക്കുന്നു.

⇒ സംഖ്യാകാർഡ്

⇒ വടികൾ

⇒ August- September

⇒ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

⇒ സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ

October

⇒ കുട്ടികൾ താരതമ്യം ചെയ്ത് വലുത്/ചെറുത് കണ്ടെത്താനുള്ള കഴിവ്

⇒ ഭിന്നക സംഖ്യകളെ ~~വ്യത്യസ്ത രീതിയിൽ~~ വലിപ്പക്രമത്തിൽ ക്രമീകരിക്കൽ

November- December

* പാഠങ്ങൾ പൂർത്തിയാക്കൽ
* മനോഗണിതശേഷി വികസിപ്പിക്കൽ

## Academic Master plan 2025-26

Std III

## മലയാളം

### ലക്ഷ്യങ്ങൾ

- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷാഘടകങ്ങൾ കവിത, കഥ, നാടൻപാട്ട് കടങ്കഥ, പഴഞ്ചൊല്ല് .... ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും.
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, വീഡിയോസ് തിരക്കഥ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. കഥ, കവിത, ഡയറി, ചിത്രം.
- സംഘപ്രവർത്തനങ്ങളിൽ പങ്കെടുത്ത് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കും.

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

<u>ജൂൺ - ജൂലൈ</u>

കനകച്ചിലങ്ക.

- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ല് ശേഖരണം.
- കഥാ ശേഖരം- ക്ലാസ് ലൈബ്രറി നവീകരണം.
- നാടൻ പാട്ടിലെയും കവിതയിലെയും താളം.
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
- കടങ്കഥകൾ ശേഖരണം. - കടങ്കഥ പതിപ്പ്
  കടങ്കഥ പയറ്റ്
- കഥയിലെ ജോലി - കലാകാരനെ പരിചയപ്പെടൽ
  അഭിമുഖ സംഭാഷണം.
- കലാരൂപം വേഷവിധാനം - ചിത്ര ശേഖരണം, ആൽബം.
- പാവ നാടകത്തെ അടുത്തറിയാം.

<u>ആഗസ്റ്റ് - സെപ്റ്റംബർ</u>

പലഹാരപ്പൊതി.

കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.

നാടക ശില്പശാല

ആരോഗ്യവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിക്കൽ.

കണ്ണുകൾ - വാദ്യങ്ങൾ

ഹരിത കർമ്മ സേനാംഗവുമായി അഭിമുഖം

സ്കൂൾ പത്രം.

ശുചിത്വ പരിപാടികൾ

## class PTA മികവുത്സവം.

നാടോടിക്കഥകളുടെ അവതരണം.

നാടൻ പാട്ടുകളുടെ അവതരണം.

പാവനാടകം അവതരണം.

## ഒക്ടോബർ

മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം.

കൃഷിപ്പാട്ടുകൾ ശേഖരണം.

കൃഷിച്ചൊല്ലുകൾ അവതരണം.

കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി
അനുഭവങ്ങൾ വിവരണം
പതിപ്പ്.

നാടൻ പാട്ട് ശേഖരണം

Std: IV

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി അവതരണം | സമയം | പഠനോപകരണം | ഇതര വിഷയങ്ങൾ സാധ്യതകൾ |
| --- | --- | --- | --- | --- |
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് ഉണ്ടാകുന്നു. | പരീക്ഷണങ്ങൾ പാഠഭാഗ ബന്ധിതമായി, ഫീൽഡ് ട്രിപ്പ് (പരിസര നടത്തം) പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ക്ലബ് ദിവസങ്ങൾ ദിനാചരണങ്ങൾ | പരിസരത്തെ (ആവശ്യാനുസൃതം) | വിവര സാങ്കേതിക വിദ്യ |
| വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ വസ്തുക്കൾ നിർമ്മിക്കാനും കഴിവ് | നിർമ്മാണം ... വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും അവസരം | ദിനാചരണങ്ങൾ WE | ശാസ്ത്രോപകരണ നിർമ്മാണ വസ്തുക്കൾ | ICT ഗണിതം ഭൗതിക ശാസ്ത്രങ്ങൾ |
| വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനുള്ള കഴിവ് | പാഠഭാഗവുമായി ബന്ധപ്പെട്ടും വിവിധ ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ടും പുസ്തക പരിചയം | ദിനാചരണങ്ങൾ | ലൈബ്രറി | ശാസ്ത്ര ദിനം |
| പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക | ചുറ്റുമുള്ള പ്രശ്നങ്ങൾ പ്രോജക്ടായി അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക. | പാഠഭാഗം | പുസ്തകം, പത്രങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |
| വിവിധ കണ്ടുപിടിത്തങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് | പുതിയ പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാൻ അവസരം ഒരുക്കുക (പ്രബന്ധം) | ദിനാചരണം | വിഷയവുമായി ബന്ധപ്പെട്ടത് | ICT |
| ഇന്ദ്രിയങ്ങൾക്കനുസരിച്ച് തിരിച്ചറിയുന്ന വഴക്കം വർദ്ധിപ്പിക്കുക. | പാഠഭാഗത്തു നിന്നുമുള്ള പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ നിരീക്ഷണവുമായി ബന്ധപ്പെട്ട് | ദിനാചരണങ്ങൾ, പ്രോജക്ടുകൾ ചെയ്യുമ്പോൾ പരിസര നടത്തം. | ലൈബ്രറി പുസ്തകങ്ങൾ ഉപയോഗിച്ച് | ശാസ്ത്രം ICT സംവാദങ്ങൾ |

M.D.L.P.SCHOOL, PAVUKKARA